"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസറായിരുന്ന ഡോ ഷീല മേബ്ലറ്റിനെതിരെയുള്ള അച്ചടക്ക നടപടി- അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.34/2025/AYUSH തീയതി,തിരുവനന്തപുരം, 17-01-2025

---

പരാമർശം:-

1. 04.07.2022 ലെ സ.ഉ (അച്ചടി) നം 82/2022/ധന ഉത്തരവ്
2. ഡോ ഷീല മേബ്ലറ്റ് 01.11.2014 ൽ സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള വിശദീകരണം
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 18.12.2024 ലെ ഡിഐഎസ്എം/1057/2023-ഡി2 നമ്പർ കത്ത്

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള വർക്കല ജില്ലാ ആയുർവേദ ആശുപത്രിയിൽ നടത്തിയ സ്പെഷ്യൽ ഓഡിറ്റിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുകയും നിരവധി തവണ സ്ഥാപനം സന്ദർശിച്ച ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ഷീല മേബ്ലറ്റ് ടി ക്രമക്കേടുകൾ കണ്ടെത്താത്തത് ഔദ്യോഗിക കൃത്യനിർഹണത്തിലെ ഗുരുതരമായ വീഴ്ചയായതിനാൽ ടിയാൾക്കെതിരെ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം അച്ചടക്കനടപടികൾ ആരംഭിച്ചിരുന്നു.

പരാമർശം (1) ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി KSR part III Rule 3b പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ഡോ. സലജ കുമാരി പി ആർ-നെ ഇൻക്വയറി ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കുറ്റാരോപിതയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടി വ്യക്തമാക്കി ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ. സലജകുമാരി പി ആർ, ജോയിന്റ് ഡയറക്ടർ ( ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 17-01-2025 15:21:04

സെക്ഷൻ ഓഫീസർ